**UN – 085**

# I Semester B.A./B.Sc./B.C.A./B.Sc. (FAD) Examination, Nov./Dec. 2015
## (CBCS) (Freshers + Repeaters)
## (2014-15 and Onwards)
## LANGUAGE MALAYALAM (Part – I) (Paper – I)

Time : 3 Hours　　　　　　　　　　　　　　　　　　　　Max. Marks : 70

ST. CLARET COLLEGE LIBRARY

I. ഏതെങ്കിലും **നാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(4×3=12)**

1) 'വിദിതസമസ്തേഹരാജ്യ ലക്ഷ്മീ –
സദനമതാർക്കും തറവാടല്ലോ'

2) 'മണിമണ്ഡപത്തിന്റെ പൂമുഖത്തിൽ
ക്ഷണമെഴുന്നെള്ളി നിന്നീടും രൂപം'

3) 'വത്സ മാതംഗിയെച്ചൊല്ലി – വിചി –
കിത്സയല്ലല്ലീ വിഷയം'

4) 'നെല്ലിൻ ചുവട്ടിൽ മുളച്ചും – കാട്ടു –
പുല്ലല്ല സാധു പുലയൻ'

5) 'ഹന്ത ! വർഗ്ഗങ്ങൾ തിരിക്കും – പക –
ച്ചന്ത്യമായ് ലോകം മുടിക്കും'.

II. a) **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക (**ഒന്നര** പുറത്തിൽ കവിയാതെ). **(2×6=12)**

1) 'പ്രകൃതിയോടുള്ള എൻ. വി. യുടെ സമീപനം ഒരേ സമയം ഒരു കവിയുടേതും ശാസ്ത്രജ്ഞന്റേതുമായിരുന്നു' – വിവരിക്കുക.

2) പ്രകൃതി സംരക്ഷണ കമ്മിറ്റിയുടെ, വികസനത്തെ സംബന്ധിച്ച നിർദ്ദേശങ്ങൾ എന്തെല്ലാം ?

3) പണ്ടത്തെ വികസനവും, ഇന്നത്തെ വികസനവും തമ്മിലുള്ള വ്യത്യാസമെന്ത് ?

b) **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക (**ഒന്നര** പുറത്തിൽ കവിയാതെ). **(2×6=12)**

1) ജാതിയെക്കുറിച്ച് ബുദ്ധഭഗവാൻ പ്രസേനജിത്ത് രാജാവുമായി നടത്തുന്ന സംഭാഷണം വിവരിക്കുക.

2) മനുഷ്യന്റെ ജനനത്തെ സംബന്ധിച്ച് ബുദ്ധഭഗവാൻ പറയുന്ന കാര്യങ്ങൾ വിവരിക്കുക.

3) ആശ്രമപരിസരത്തിൽ രാജാവ് കണ്ട ദൃശ്യങ്ങൾ ?

III. ഏതെങ്കിലും **ഒരു** ചോദ്യത്തിന് ഉത്തരമെഴുതുക (**രണ്ടര**പുറത്തിൽ കവിയാതെ).

**(1×15=15)**

1) 'ചണ്ഡാല ഭിക്ഷുകി' എന്ന പേരിന്റെ ഔചിത്യം വ്യക്തമാക്കുക.

2) ആദ്യഭാഗങ്ങളിൽ മാതംഗി ആനന്ദ സന്യാസിയെ കണ്ടു മുട്ടുന്നതും, അതിനുശേഷം ആശ്രമത്തിൽ എത്തിച്ചേരുന്നതുവരെയുള്ള സന്ദർഭങ്ങൾ ചുരുക്കി വിവരിക്കുക.

IV. ഏതെങ്കിലും **ഒരു** ചോദ്യത്തിന് ഉത്തരമെഴുതുക (**രണ്ടര**പുറത്തിൽ കവിയാതെ).

**(1×15=15)**

1) 'സുഖഭോഗങ്ങളുടെ പിന്നാലെയുള്ള മനുഷ്യന്റെ ഭ്രാന്തമായ ഓട്ടം പ്രകൃതിയെ കീറിമുറിച്ചു കൊണ്ടിരിക്കുന്നു' – 'കാവുതീണ്ടല്ലേ' എന്ന കൃതിയെ അടിസ്ഥാനമാക്കി വിവരിക്കുക.

2) പരിസ്ഥിതിയെ അടിസ്ഥാനമാക്കി എഴുതപ്പെട്ടിട്ടുള്ള ഒരു മനോഹരകൃതിയാണ് 'കാവുതീണ്ടല്ലേ' – വ്യക്തമാക്കുക.

V. a) ആശയം വ്യക്തമാക്കുക (**ഒരു** ചോദ്യത്തിന് ഉത്തരമെഴുതുക). **(1×2=2)**

1) 'ശ്രീഭൂവിലസ്ഥിരം'.

2) 'സമ്പത്തു കാലത്തു തൈ പത്തു വച്ചാൽ
ആപത്തു കാലത്ത് കാ പത്തു തിന്നാം'.

b) ഉപന്യസിക്കുക (**ഒരു** വിഷയത്തെക്കുറിച്ച്). **(1×2=2)**

1) മൂല്യങ്ങളുടെ ശിഥിലീകരണത്തിന് കാരണമെന്ത് ? വിവരിക്കുക.

2) മാധ്യമങ്ങളുടെ സ്വാധീനം – വിദ്യാർത്ഥികളിൽ.